ചില്ലറ മദ്യ വില്പന ശാലയിലൂടെ ലഭിച്ച വരുമാനം

52 [227] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ ബീവറേജ് കോർപ്പറേഷൻ സംസ്ഥാനത്ത് എത്ര പുതിയ ചില്ലറ മദ്യവിൽപ്പന ശാലകൾ തുറക്കുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2001-2002, 2002-2003, 2003-2004, 2004-2005 സാമ്പത്തിക വർഷങ്ങളിലെ ബീവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനയുടെ അളവും അതുവഴി കിട്ടിയ ആകെ വരുമാനവും നികുതി വരുമാനവും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കൂടാതെ സംസ്ഥാനത്തെ സഹകാര്യ മദ്യ വിൽപ്പന ശാലകളിൽ ഇക്കാലയളവിലെ മദ്യവില്പനയുടെ അളവും അതുവഴി കിട്ടിയ നികുതി വരുമാനവും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 106 എണ്ണം.

(ബി) അനുബന്ധം എ ആയി കൊടുത്തിട്ടുണ്ട്. †

(സി) മദ്യവിൽപ്പനയുടെ അളവ് അനുബന്ധം ബി ആയി കൊടുത്തിട്ടുണ്ട്. നികുതി വരുമാനം ശേഖരിച്ചുവരുന്നു. †

എക്സൈസ് ഇന്സ്പെക്ടർ തസ്തികയിലേയ്ക്ക് ഉത്തരവ് നൽകാൻ നടപടി

53 [228] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-3-2004-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും 1-9-2004-ൽ പി.എസ്.സി അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾ നാളിതുവരെയും നിയമന ഉത്തരവ് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 1-9-2004-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത എക്സൈസ് ഇൻസ്പെക്ടർമാർക്ക് ഉടൻ നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly